"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - ദേശീയ ആയുഷ് മിഷൻ കേരളത്തിൽ സ്ഥാപിക്കുന്ന 600 ആയുഷ് ഹെൽത്ത് വെൽഫയർ സെന്ററുകളുടെ പ്രവർ ത്തനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt)No.548/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:-
1. 9.2.2021-ലെ സ ഉ (സാധാ) നം. 89/2021/ആയുഷ്.
2. 15.6.2021-ലെ സ ഉ(സാധാ) നം. 250/2021/ ആയുഷ്.
3. 03/09/2021-ലെ നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ NAM/ADMIN/1143/2019/SPMSU നമ്പർ കത്ത്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2022-ലെ തീരുമാനം നം. 2.5 ഖണ്ഡിക 4.15.

**<u>ഉത്തരവ്</u>**

ആയുഷ് മിഷൻ ആയുഷ്മാൻഭാരത് സ്കീം മുഖേന ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനം, അതുവഴി സുഖപ്രസവം, കുട്ടികളുടെ ആരോഗ്യം, വൃദ്ധരുടെ പരിപാലനം (ആരോഗ്യമുള്ള വാർദ്ധക്യം) എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ മുതലായ ആയുഷ് വകുപ്പിന്റെ പരിധിയിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ആയുഷ് ഹെൽത്ത് വെൽനസ്സ് സെന്ററുകളാക്കി മാറ്റുന്നതാണ്. 12,500 ആയുഷ് ഹെൽത്ത് വെൽനസ്സ് സെന്ററുകൾ രാജ്യത്ത് ആരംഭിക്കുന്നതിനും കേരളത്തിൽ 600 സെന്ററുകൾ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. അതിൽതന്നെ 90 കേന്ദ്രങ്ങൾക്ക് പരാമർശം (1),(2) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. സ്കീമിനാവശ്യമായ സാമ്പത്തിക സഹായവും, മനുഷ്യവിഭവവും കേന്ദ്രസർക്കാർ നൽകുന്നതായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തതോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും പ്രസ്തുത വിഷയത്തിൽ ഉത്തരവാകണമെന്നും നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ ആയുഷ് മിഷനിലൂടെ കേരളത്തിൽ സ്ഥാപിക്കുന്ന 600 ആയുഷ് ഹെൽത്ത് വെൽനസ്സ് സെന്ററുകളുടെ പ്രവർത്തനത്തിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REJI RAJENDRAN

DEPUTY SECRETARY

പഞ്ചായത്ത് ഡയറക്ടർ.

നഗരകാര്യ ഡയറക്ടർ.

ഗ്രാമ വികസന കമ്മീഷണർ.

ചീഫ് എഞ്ചിനിയർ. തദ്ദേശസ്വയംഭരണ വകുപ്പ് .

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.

എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.

ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .

ചെയർമാൻ. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

ഡയറക്ടർ ജനറൽ. കില.

ചീഫ്. വികേന്ദ്രീകൃത ആസൂത്രണം, പ്ലാനിംഗ് ബോർഡ്.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ.

ആരോഗ്യ വകുപ്പ് ഡയറക്ടർ. തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ. നാഷണൽ ആയുഷ് മിഷൻ. കേരള. തിരുവനന്തപുരം.

ആയുഷ് വകുപ്പ്.

ധനകാര്യ വകുപ്പ്.

കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A

Date: 08-03-2022 11:07:06

സെക്ഷൻ ഓഫിസർ